പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 428 | 21.10.2016-ലെ മറുപടിക്ക്

## സാരഥി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ്
'' സി.കൃഷ്ണൻ
'' ഒ. ആർ. കേളു
'' സി.കെ. ഹരീന്ദ്രൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഓൺ ലൈൻ ടിക്കറ്റ് ബുക്കിംഗിനായി 'സാരഥി' എന്ന പേരിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗിനായി സാരഥി എന്ന പേരിലുള്ള സംവിധാനം 18.12.2008 മുതൽ ഏർപ്പെടുത്തിയിരുന്നു. ടി സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതിയെ തുടർന്ന് കെ.എസ്.ആർ.ടി.സി. യ്ക്ക് ആവശ്യമായ ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിച്ച് നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി 09.12.2014-ൽ പുതിയ കരാറിൽ ഏർപ്പെടുകയും www.ksrtconline.com എന്ന വെബ്സൈറ്റ് നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത കരാർ പ്രകാരം ഓൺലൈൻ റിസർവേഷന് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിച്ച് വെബ്സൈറ്റ് സജ്ജീകരിച്ച് പൂർണ്ണമായും പരിപാലിക്കുന്നതിന്റെ ചുമതല കെൽട്രോണിനാണ് നൽകിയിരിക്കുന്നത്.<br><br>ഡിസംബർ 2014-ൽ പുതിയ റിസർവേഷൻ സംവിധാനം നടപ്പിലാക്കിയതുമുതൽ ടി സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പ്രതിദിനം ശരാശരി 4500 -ലധികം ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതുവഴി ശരാശരി പ്രതിദിന വരുമാനം 16 ലക്ഷം മുതൽ 20 ലക്ഷം വരെ ലഭിക്കുന്നുണ്ട്. എന്നാൽ 17.09.2016-ൽ ടി സംവിധാനം |
| (ബി) | പ്രസ്തുത സംവിധാനം നിലവിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഉദ്ദേശം 15.45 മണിക്ക് തകരാറിലാവുകയും 21.45 മണി യോടുകൂടി തകരാർ പരിഹരിക്കുകയുമുണ്ടായി. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ ഓൺ ലൈൻ ബുക്കിംഗ് സ്വകാര്യ ഏജൻസിക്ക് നൽകിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ ഓൺ ലൈൻ റിസർവേഷൻ സംവിധാനത്തിന്റെ വെബ്സൈറ്റായ www.ksrtconline.com നടപ്പിലാക്കി പരിപാലിക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സംവിധാനം ഉപയോഗിച്ച് യാത്രക്കാർക്ക് മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിലേയ്ക്കായി കേരളത്തിനകത്തും പുറത്തുമായി 13 സ്വകാര്യ ഫ്രാഞ്ചൈസികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം ഓൺലൈൻ ബുക്കിംഗ് സ്വകാര്യ ഏജൻസിയ്ക്കു നൽകിയതുമൂലം എത്ര രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സ്വകാര്യ ഫ്രാഞ്ചൈസികൾക്ക് നൽകിയതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 17.09.2016-ൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ട് കോർപ്പറേഷന് 12,64,296/- രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും, പ്രസ്തുത നഷ്ടം അടുത്ത മാസത്തെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ് എന്നും വ്യക്തമാക്കുന്ന കത്ത് 20.09.2016-ൽ കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയുണ്ടായി. |
| (ഇ) | ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ